റ്റ്യൂട്ടിൽ പോയപ്പോൾ അവിടെനിന്നും ഞങ്ങൾ മനസ്സിലാക്കിയത് നമ്മുടെ ശാരീരികമായ പല അസുഖങ്ങളും കുറയ്ക്കാനും നമ്മുടെ ബോഡി വേണ്ട പോലെ കീപ്പ് ചെയ്തുകൊണ്ടുപോകാനും കഴിയുന്നവിധത്തിലുള്ള നല്ല ട്രെയിനിംഗുകളുണ്ടെന്നാണ്. ഇത്തരം ട്രെയിനിംഗുകൾ പല സെന്ററുകളിലും നടക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.സി. വേണുഗോപാൽ : ഉണ്ട്. നമ്മുടെ ചർമ്മ സംരക്ഷണത്തിനുവേണ്ടി ആയുർവേദത്തിൽ പല ട്രീറ്റുമെന്റുകളും ഇന്നുണ്ട്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, അങ്ങനെയുള്ള സെന്ററുകളിൽ പോയി ഇതുപോലുള്ള കാര്യങ്ങൾക്ക് വിധേയമാകുന്നതുകൊണ്ടാണോ അങ്ങയുടെ ആരോഗ്യവും സൗന്ദര്യവും ഇതുപോലെ നിലനിൽക്കുന്നത്?

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാനിത് വളരെ ഗൗരവമായി ഉന്നയിക്കുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെതന്നെ നമ്മുടെ തൊഴിലിടപ്പായ്മയ്ക്ക് പരിഹാരമുണ്ടാക്കുന്ന രീതിയിൽ ഈ രംഗത്തുള്ള വളർച്ച വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഞാനവരുടെ ഒരു സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അതിന്റെ പ്രസിഡന്റ് ആര്യനാട് മോഹൻ എന്ന ചെറുപ്പക്കാരനാണ്. അദ്ദേഹം ബഹുമാന്യനായ സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മുടി വെട്ടിയെടുത്ത് സൂക്ഷിച്ചുവച്ചിരിക്കുകയാണ്. ഒരു വലിയ നിധിപോലെ അത് കാത്തുസൂക്ഷിക്കുകയാണ്. അങ്ങനെ വളരെ വർഷങ്ങളായി മുടി വെട്ടിക്കൊണ്ടിരിക്കുന്ന ഒരാളാണ് തിരുവനന്തപുരത്തെ ആര്യനാട് മോഹൻ. അദ്ദേഹം ഇതിനെക്കുറിച്ച് ഒരു റിസർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. ഹാഷൻ ടെക്നോളജിയും ബ്യൂട്ടി ടെക്നോളജിയും സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിഷയങ്ങളാക്കണമെന്നതിനെക്കുറിച്ച് ഒരു ഗവേഷണം നടത്താനുള്ള തയ്യാറെടുപ്പിലാണ്. എനിക്കിതിന് പ്രചോദനം നൽകുന്നതിന് അദ്ദേഹം പങ്കുവഹിച്ചിരുന്നു എന്ന കാര്യം ഞാനിവിടെ സമ്മതിക്കുകയാണ്. അതുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത ഇത്തരം ചെറുപ്പക്കാർക്ക് ഒരത്താണിയാകാൻ, ആശ്രയ കേന്ദ്രമാകാൻ ഇത്തരം ചെറുകിട തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. അത് നാടിന് ഗുണകരമായിരിക്കുമെന്നുള്ളതുകൊണ്ട് ഈ ബിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം ചർച്ച തുടരാം. (ചർച്ച തുടരും)

(5) 1999-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബിൽ

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, 1999-ലെ കേരള മാനസികാരോഗ്യ പരിപാലന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ശ്രീ. ജോസ് ബേബി : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കേരള സംസ്ഥാനത്തെ മാനസികാരോഗ്യ വൈകല്യമുള്ളവരെ പരിരക്ഷിക്കുന്നതിനാവശ്യമായ ഒരു നയം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആ നയം ഈ സഭയിൽ വയ്ക്കുന്നതിനുവേണ്ടി അങ്ങയുടെ അനുവാദം ചോദിച്ചി

† അനുബന്ധം - IX

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. അത് പ്രിന്റ് ചെയ്യുന്നതിന് കൊടുത്തിട്ടുണ്ട്. അത് പ്രിന്റ് ചെയ്തുകിട്ടും. ആ നയത്തിൽ ഗവൺമെന്റ് ഈ കാര്യത്തിൽ സ്വീകരിക്കാൻ പോകുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. സഭയിൽ ഏതാനും ദിവസത്തിനുള്ളിൽ സമർപ്പിക്കാൻ കഴിയും. അതിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിലൊരു ബിൽ ഇപ്പോൾ പാസ്സാക്കാതെ മാറ്റിവയ്ക്കുന്നതിൽ തെറ്റില്ല. അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ബിൽ ഇപ്പോൾ അംഗീകരിക്കാൻ കഴിയാത്തതിൽ ഖേദമുണ്ട്. പക്ഷേ ഇത് ഗൗരവപ്പെട്ട പ്രശ്നമാണ്. ഇപ്പോൾ കുഷ്ഠരോഗികളെപ്പോലെതന്നെ മാനസിക രോഗികളേയും അകറ്റിനിർത്തുന്നത് മാറി എല്ലാ തലങ്ങളിലും അവരെ മറ്റു ചികിത്സകളെ പ്പോലെതന്നെ കൊണ്ടുവരുന്നതിനുള്ള ഒരു സമീപനത്തിന് ഗൗരവമായി ചർച്ച് ചെയ്യപ്പെടാൻ ഈ ബിൽ ഇടവരുത്തുമെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ട് ഈ ബിൽ അവതരിപ്പിച്ചതിനു നന്ദിയുണ്ട്. എങ്കിലും ഞാൻ നേരത്തെ സൂചിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ഈ പ്രമേയം അവതരിപ്പിക്കേണ്ട കാര്യമില്ല. ബിൽ അംഗീകരിക്കാൻ കഴിയാത്തതിൽ ഖേദമുണ്ട്.

<u>ശ്രീ. കെ.വി. രാജേന്ദ്രൻ</u> : ബഹുമാനപ്പെട്ട മന്ത്രിയോട് നന്ദി പറയുകയാണ്. അദ്ദേഹം ഒറ്റയടിക്ക് എതിർത്തില്ലല്ലോ. ഒരു നയം ഗവൺമെന്റ് ആവിഷ്കരിച്ചു എന്നു പറഞ്ഞത് വളരെ സ്വാഗതാർഹമായ കാര്യമാണ്. അത്തരം ഒരു ചർച്ച നടക്കുന്നുണ്ടെന്ന് ഇതിനുമുമ്പും ബഹുമാനപ്പെട്ട മന്ത്രി ഒന്നുരണ്ട് തവണ സൂചിപ്പിച്ചിട്ടുള്ളതാണ്. എന്നാലും ആ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു നയം രൂപംകൊടുത്തുകഴിഞ്ഞു. രണ്ടു ദിവസത്തിനുള്ളിൽ സഭയിൽ വയ്ക്കുമെന്ന് പറഞ്ഞതിന് പ്രത്യേകം നന്ദി പറയുന്നു. എന്നാലും നിയമം ആവശ്യമുണ്ട് എന്നുപറയാൻ കാരണം, നയംകൊണ്ടു മാത്രമായില്ല. നമ്മുടെ സമീപനങ്ങളിലും കാഴ്ചപ്പാടുകളിലുമൊക്കെ മാറ്റം വരണം. ഈ പറയുന്ന കാര്യങ്ങളൊക്കെ നടപ്പിലാക്കാൻ കഴിയണമെങ്കിൽ അതിന് പ്രത്യേകമായ നിയമനടപടികളും സംവിധാനങ്ങളും ഉണ്ടാകണം. അതുകൊണ്ട് വളരെ ചുരുക്കമായിട്ട് ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപെടുത്തുകയാണ്. മന്ദബുദ്ധി ഉള്ളവരുടേയും മാനസിക രോഗികളുടേയും എണ്ണം ഇന്ന് നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരികയാണ്. തലയ്ക്ക് അസുഖമാണ്, വട്ടാണ്, ഭ്രാന്താണ് എന്നൊക്കെ പറഞ്ഞതുകൊണ്ടായില്ല. വളരെ ആഴത്തിൽ പരിശോധിക്കേണ്ട, ഗൗരവമായി കാണേണ്ട ഒരുപാട് പ്രശ്നങ്ങൾ ഇതിലുണ്ട്. മാനസികാരോഗ്യാശുപത്രികളെക്കുറിച്ച് കഴിഞ്ഞദിവസം ഏഷ്യാനെറ്റിൽ മനുഷ്യാവകാശ കമ്മീഷന്റെ ഒരു റിപ്പോർട്ടു വന്നത് ശ്രദ്ധിച്ചിട്ടുണ്ടാകും. പലപ്പോഴും പത്രങ്ങളിൽ തുടർച്ചയായിട്ട് റിപ്പോർട്ടുകൾ വരാറുണ്ട്. നിയമസഭയുടെ തന്നെ പല കമ്മിറ്റികളും നമ്മുടെ മെന്റൽ ആശുപത്രികൾ സന്ദർശിച്ച് അവിടെയുള്ള രോഗികൾ നൽകിയ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ പല റിപ്പോർട്ടുകളും പല അഭിപ്രായങ്ങളും വന്നിട്ടുള്ളതാണ്. അതിലൊക്കെ തെളിഞ്ഞുകാണുന്നത് മെന്റൽ ആശുപത്രികളുടെ സ്ഥിതി വളരെ ശോചനീയമാണെന്നാണ്. ഒരു ചെറിയ അസുഖം വന്നു അവിടെ അഡ്മിറ്റ് ചെയ്യപ്പെട്ടാൽ മുഴുഭ്രാന്തനായിതന്നെ പുറത്തുവരേണ്ട സ്ഥിതിയാണുള്ളത്. ചികിത്സിച്ച് രോഗം മാറിയാൽ, ഭേദമായിക്കഴിഞ്ഞാൽ പലരേയും വീടുകളിലേയ്ക്ക് തിരിച്ചുകൊണ്ടു പോകപ്പെടുന്നില്ല. അതിനെക്കുറിച്ച് ഒരുപാട് റിപ്പോർട്ടുകളും വന്നിട്ടുണ്ട്. കഴിഞ്ഞമാസം ദേശാഭിമാനി പത്രത്തിൽ തിരുവനന്തപുരം മാനസികാരോഗ്യാശുപത്രിയെക്കുറിച്ച് ഒരു റിപ്പോർട്ടു വന്നിരുന്നു. പലർക്കും രോഗം മാറിയാൽ വീടുകളിലേക്ക് പോകാൻ കഴിയുന്നില്ല. വീട്ടുകാർ വന്ന് അവരെ കൊണ്ടുപോകുന്നില്ല. ആരുമാരും സംരക്ഷിക്കാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ആയിരക്കണക്കിന് ആൾക്കാർ നമ്മുടെ സമൂഹത്തിലുണ്ട്. കുറേ പ്പേർ ആശുപത്രികളിലുണ്ട്. വീടുകളിൽ പോയിട്ട് ആശുപത്രികളേക്കാൾ ദയ നീയമായ അവസ്ഥയിൽ കഴിയുന്നവരുണ്ട്. കുന്ദംകുളത്തെ ഒരു സംഭവത്തെ ക്കുറിച്ച് ഹൃദയഭേദകമായ ഒരു റിപ്പോർട്ട് പത്രത്തിൽ വന്നു. 14 വർഷമായി രണ്ടു പ്രായമായ സ്ത്രീകളെ വീട്ടിൽ കെട്ടിയിട്ടിരിക്കുകയാണ്. പത്ത് പതി നാറ് വർഷം മുൻപ് ചെറിയ അസുഖം വന്നപ്പോഴേക്കും വീടിന്റെ ഇരുട്ടറക ളിൽ തളച്ചിട്ടതിന്റെ ഒരു റിപ്പോർട്ട് ചിത്രംസഹിതം പത്രത്തിൽ വരികയുണ്ടാ യി., അതേപോലെതന്നെ മന്ദബുദ്ധികളായ കുട്ടികൾ നമ്മുടെ സമൂഹത്തിൽ വളരെയേറെ ഉണ്ട്. പല രക്ഷകർത്താക്കളും അവരെ നമ്മുടെ പൊതുജീവിത ത്തിൽനിന്ന് മാറ്റി നിർത്തുകയാണ്. പുറത്തേക്കു കൊണ്ടുപോകുകയില്ല. വീടു കളിൽ അതിഥികൾ വരുമ്പോൾ അവരെ പുറത്തേയ്ക്കുവരാൻ അനുവദിക്കു കയില്ല. ഇങ്ങനെ അവരെ രോഗികളാക്കി മാറ്റുകയാണ്. ഒറ്റപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ ബിൽ വളരെ ഗൗരവമായ ഒരു വിഷയമായിട്ട് എടുക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. ആ നയം വരു മ്പോൾ ഒരു ബിൽ ആയിട്ടുതന്നെ കൊണ്ടുവരണമെന്നുള്ള അഭ്യർത്ഥന യോടെ നിറുത്തുന്നു.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം.(ചർച്ച തുടരും)

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. വിശ്വൻ)

(6) 1999-ലെ കേരള ഗാർഹിക തൊഴിലാളി (ജോലി കൊടുക്കൽ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കൽ ക്ഷേമനിധി രൂപീകരിക്കൽ) ബിൽ

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, 1999-ലെ കേരള ഗാർഹിക തൊഴിലാളി (ജോലി കൊടുക്കൽ, സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കൽ, ക്ഷേമ നിധി രൂപീകരിക്കൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു†

ശ്രീ. ജോസ് ബേബി : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ജവസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ഗാർഹിക തൊഴിലാളികൾ ഒരു ഗൃഹ ഉടമയുടെ കീഴിൽ തുടർച്ചയായി ഒരിടത്തു പണിചെയ്യുന്നവരല്ലാത്തതിനാൽ ഇവർക്കിടയിൽ സ്ഥിരമായ എംപ്ലോയർ-എംപ്ലോയി ബന്ധം സാദ്ധ്യമല്ല. ക്ഷേമനിധി ആരംഭി ച്ചാൽ ഇവർക്കുവേണ്ടി അംശദായം ശേഖരിക്കുക അപ്രായോഗികമാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ എണ്ണത്തിൽ വളരെ കുറവായ ഗാർഹിക തൊഴി ലാളികൾക്ക് ക്ഷേമനിധി ആരംഭിക്കുന്ന കാര്യവും പരിഗണനാർഹമല്ല. ഗൃഹ ഉടമ ഇവരുടെ വേതനം നിർണ്ണയിക്കുന്നത് പണിചെയ്യുന്ന വ്യക്തിയുടെ ആവ ശ്യംകൂടി കണക്കിലെടുത്താണ്. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെ ടുത്ത് ഈ ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല എന്ന അഭിപ്രായമാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഇതു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ ക്ഷേമനിധിയുടെ കാര്യം മാത്രമല്ല, ക്ഷേമനിധിയും അതിലൊരു വിഷയമാണ്. ഞാൻ കൊണ്ടുവന്ന ബില്ലിൽ ജോലിക്കൊടുക്കൽ, അവരുടെ

† അനുബന്ധം - X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - IX

പത്താം കേരള നിയമസഭ

ബിൽ നമ്പർ 215

LIBRARY ARCHIVES Kerala Legislative Assembly

1999-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബിൽ

(ശ്രീ. കെ.പി. രാജേന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

പത്താം കേരള നിയമസഭ

ബിൽ നമ്പർ 215

1999-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബിൽ

(ശ്രീ.കെ.പി. രാജേന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ മാനസിക വൈകല്യമുള്ളവരെ പരിരക്ഷിക്കുന്നതിനും അവരുടെ ക്ഷേമ പുനരുദ്ധാരണത്തിനും അതിന് ആനുഷംഗികമായ മറ്റു ചില കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

<u>പീഠിക</u>.-കേരള സംസ്ഥാനത്ത് മാനസിക വൈകല്യമുള്ള ജനങ്ങളെ പരിരക്ഷിക്കുന്നതിനുള്ള പ്രധാന പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ലാത്തതിനാലും അവരുടെ പുനരുദ്ധാരണത്തിനും മറ്റ് ആനുഷംഗികമായ കാര്യങ്ങളും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുമെന്നതിനാൽ,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ 50-ാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും</u>.-(1) ഈ ബില്ലിന് 1999-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബിൽ എന്നു പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റു വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവചനങ്ങൾ</u>.-(1) 'ബോർഡ്' എന്നാൽ 4-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട 'കേരള മാനസികാരോഗ്യ (പരിപാലന) ബോർഡ്' എന്ന് അർത്ഥമാകുന്നു.

(2) 'മാനസികാരോഗ്യ വിദഗ്ദ്ധർ' എന്നാൽ മാനസികാരോഗ്യ പരിപാലന കാര്യങ്ങളിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുള്ളതും ഇപ്പോഴും സേവനമനുഷ്ഠിക്കുന്ന വ്യക്തികൾ എന്ന് അർത്ഥമാകുന്നു.

(3) 'മാനസിക വൈകല്യമുള്ളവർ' എന്നാൽ മാനസികരോഗികൾ, മന്ദബുദ്ധിയുള്ളവർ, മറ്റു തരത്തിൽ മാനസിക വിഭ്രാന്തിയുള്ളവർ എന്നിവർ ഉൾപ്പെടുന്നതാണ്.

(4) 4-ാം വകുപ്പുപ്രകാരം രൂപീകൃതമാകുന്ന ബോർഡ് സംസ്ഥാനത്തെ ജനങ്ങളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ വിലയിരുത്തുകയും കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്. കൂടാതെ മാനസിക വൈകല്യമുള്ള ജനവിഭാഗങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യ നിർണ്ണയം,

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമ പരിപാടികൾ എന്നിവ തയ്യാറാക്കുകയും അവരുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതുമാണ്.

3. ബോർഡിന്റെ രൂപീകരണം.-(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിശ്ചിത ദിവസം മുതൽക്കുള്ള പ്രാബല്യത്തോട് കേരള മാനസികാരോഗ്യ (പരിപാലന) ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതുമാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയ ഒരു ഏകാംഗയോഗമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്:-

(1) മാനസികാരോഗ്യ വിദഗ്ദ്ധരായ മൂന്ന് അംഗങ്ങൾ ;

(2) നിയമസഭാംഗങ്ങളിൽ നിന്ന് ഇതിനുവേണ്ടി പ്രത്യേകം തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് അംഗങ്ങൾ ;

(3) മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ;

(4) ഡയറക്ടർ ജനറൽ ഓഫ് പോലീസ്;

(5) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർക്കാർ മാനസികാശുപത്രികളിലെ രണ്ട് വിദഗ്ദ്ധ ഡോക്ടർമാർ.

(6) ബോർഡ് അംഗങ്ങളിൽ ഒരാളിനെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്.

4. ബോർഡിന്റെ പ്രവർത്തനം.- 4-ാം വകുപ്പ് പ്രകാരമുള്ള ബോർഡിന്റെ പ്രവർത്തനവും അതുമായി ബന്ധപ്പെട്ടതുമായ കാര്യങ്ങൾ (ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കുന്നതുൾപ്പെടെ) സർക്കാർ ചട്ടം വഴി നടത്തേണ്ടതാണ്.

5. ബോർഡ് നിലവിൽ വന്നശേഷം ജില്ലാടിസ്ഥാനത്തിൽ സമിതികളുടെ ആവശ്യം പരിഗണിക്കുകയും അതനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.- (1) സർക്കാരിന് ഗസറ്റു വിജ്ഞാപനംമൂലം ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കാനായി പിൻകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ബില്ല് പ്രകാരമുണ്ടാക്കുന്ന ചട്ടങ്ങൾ അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ വയ്ക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സാമ്പത്തികശേഷി കണക്കിലെടുക്കാതെ ഏത് രോഗിക്കും ആവശ്യമായ ചികിത്സ ലഭിക്കുകയെന്നത് ഏറ്റവും പ്രധാനമായ ആവശ്യമാണ്. ഇന്ന് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും, ജില്ലാ താലൂക്ക് ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിൽപ്പോലും ആവശ്യത്തിന് ഡോക്ടർമാരോ പാരാ മെഡിക്കൽ സ്റ്റാഫോ മരുന്നോ ഇല്ല എന്നത് പരമാർത്ഥമാണ്. ഉൾനാടൻ പ്രദേശങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ ഡോക്ടർമാരെ കണികാണാൻ പോലും കിട്ടുന്നില്ല എന്നതും നേരാണ്. 1,200 പേർക്ക് ഒരു ഡോക്ടർ എന്ന് ലോകാരോഗ്യ സംഘടനതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സമൂഹത്തിലെ ഉന്നത പദവിയിലിരിക്കുന്ന ഡോക്ടർമാരെ, തങ്ങൾക്കെപ്പോഴും സ്വാതന്ത്ര്യത്തോടെ ഓടിപ്പോയി കാണാൻ കഴിയുക എന്നത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അചിന്തനീയമാണ്.

കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രസക്തമായത്, അവർക്ക് ആവശ്യത്തിന് ഡോക്ടർമാരും ആശുപത്രികളും മരുന്നും ഉണ്ടാവുക എന്നതാണ്. സാധാരണക്കാരായ രോഗികൾക്ക് അവരുടെ മിതമായ ആവശ്യങ്ങൾ അവകാശങ്ങളായി അംഗീകരിച്ച് കിട്ടുകയാണ് ആദ്യമായി വേണ്ടത്. രോഗിക്ക് മാനുഷികമായ പരിഗണന ഡോക്ടർമാരിൽനിന്നു മാത്രമല്ല, ചികിത്സാരംഗവുമായി ബന്ധപ്പെട്ടവരിൽ നിന്നെല്ലാം ലഭിക്കേണ്ടതുണ്ട്.

സാമാന്യ വിദ്യാഭ്യാസം ലഭിച്ചവർക്കടക്കം സാങ്കേതിക സംജ്ഞയിലെഴുതുന്ന രോഗത്തെപ്പറ്റിയോ, ചികിത്സയ്ക്കുപയോഗിക്കുന്ന മരുന്നുകളെപ്പറ്റിയോ, അവയുടെ പാർശ്വഫലങ്ങളെപ്പറ്റിയോ വേണ്ടവിധത്തിൽ മനസിലാക്കാൻപോലും കഴിയാത്ത സാഹചര്യത്തിൽ ഒരു രോഗിക്ക് ചികിത്സ ലഭിക്കാനുള്ള സാഹചര്യം ലഭിക്കുകയെന്നതാണ് ഏറെ പ്രസക്തമായ കാര്യം, അതിനാൽ രോഗിയുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടാൻ ശക്തമായ നിയമങ്ങൾ തന്നെ വേണം. കേരളത്തിലെ ജനങ്ങളുടെ മാനസികാരോഗ്യം പരിരക്ഷിക്കുന്നതിന് കാര്യമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. ശരിയായ ശുശ്രൂഷയും പരിചരണവും ലഭിക്കാതെ ആയിരക്കണക്കിന് മാനസികരോഗികൾ ഇന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നുണ്ട്. അതുപോലെതന്നെ ചികിത്സ ലഭിച്ച് രോഗം മാറിയവരുടെ പുനരധിവാസത്തിനും കാര്യമായ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ആയതിനാൽ, ഒരു മാനസികാരോഗ്യ (പരിപാലന) ബോർഡ് പ്രാബല്യത്തിൽ വരേണ്ടതും ഊർജ്ജിതമായും കാര്യക്ഷമമായും പ്രവർത്തിക്കേണ്ടതും അനിവാര്യമായി തീർന്നിരിക്കുന്നു.

മുകളിൽ പറഞ്ഞ ഉദ്ദേശ്യം നിറവേറ്റപ്പെടുന്നതിനുവേണ്ടിയാണ് ഈ ബില്ല്.

ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ബോർഡ് നിലവിൽ വരുകയും പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇക്കാര്യത്തിൽ എത്ര മാത്രം സാമ്പത്തിക ബാദ്ധ്യത ഉണ്ടാകു എന്ന് തിട്ടപ്പെടുത്താൻ കഴിയൂ. എന്നിരുന്നാലും ഏകദേശം 5 ലക്ഷം രൂപയുടെ ചെലവ് പ്രാരംഭ നടപടികൾക്കായി സഞ്ചിതനിധിയിൽ നിന്ന് പ്രതീക്ഷിക്കുന്നു.

ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിലെ 7-ാം വകുപ്പു പ്രകാരം സർക്കാരിന് ഗസറ്റു വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും അത് ഭേദഗതി ചെയ്യുവാനോ, ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കുവേണ്ടിയാണ്.

ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണ അധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

കെ.പി. രാജേന്ദ്രൻ, എം.എൽ.എ

LIBRARY ARCHIVES Kerala Legislative Assembly